**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** — **23-08-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്ത വിഭാഗങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽഎല്ലാ വിഭാഗത്തിലും ആവശ്യത്തിന് ഡോക്ടർമാരുണ്ട് .ടി മെഡിക്കൽ കോളേജിൽ 250 എം.ബി.ബി.എസ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് എൻ.എം.സി. മാനദണ്ഡം അനുസരിച്ചുള്ള അദ്ധ്യാപകർ നിലവിലുണ്ട് എന്നിരുന്നാലും ക്ലിനിക്കൽ വിഭാഗങ്ങളിലെ ജോലിഭാരത്തിനനുസരിച്ച് കൂടുതൽ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു . |
| (ബി) | നിലവിൽ പ്രവൃത്തി പൂർത്തിയായ കെട്ടിടത്തിൽ ഏതൊക്കെ വിഭാഗങ്ങൾ പ്രവർത്തിപ്പിക്കാനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | പുതുതായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന PMSSY ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നിലവിൽ പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ഓപ്പറേഷൻ തിയേറ്ററുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടികൾ എത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) | പുതുതായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന PMSSY ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എല്ലാ ലബോറട്ടറികളും ഒരു കോംപ്ലക്സിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പുതുതായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന PMSSY ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ